# Deepika

## 23 August 2018

## Navakeralam: Kerala reconstruction




### കേരളത്തെ പുനർനിർമിക്കാൻ നമുക്കും സഹായിക്കാം

മഹാപ്രളയത്തിൽ കരകാണാതെ വിറങ്ങലിച്ച കേരളത്തിന് ഇപ്പോൾ വേണ്ടത് ആശ്വാസവചനങ്ങളല്ല, നവകേരളസൃഷ്ടിക്കായുള്ള ഒരു കൈത്താങ്ങാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മുതൽ വിശക്കുന്നവന്റെ മുമ്പിലേക്ക് അന്നം എത്തിക്കുന്നതുവരെയുള്ള യജ്ഞത്തിൽ കൈമെയ് മറന്ന് നമുക്ക് അണിചേരാം. ഉദാരമായി സംഭാവന നല്കാം.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഓൺലൈൻ സംഭാവന നൽകാനായി എസ്ബിഐ യുടെ നെറ്റ് ബാങ്കിംഗ്, വിപിഎ (keralacmdrf@sbi) ക്യൂ ആർ കോഡ് എന്നീ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താം (www. cmo. kerala. gov.in, cmdrf.kerala എന്നീ വെബ്സൈറ്റുകളിൽ വിശദവിവരം ലഭ്യമാണ്.)

വിദേശരാജ്യങ്ങളിൽനിന്നുള്ളവരുടെ സംഭാവന സ്വീകരിക്കാൻ വിദേശ സംഭാവനാ നിയന്ത്രണചട്ടത്തിൽ ഇളവുകൾ വരുത്തിയിട്ടുണ്ട്. ഏതു തുകയ്ക്കുള്ള സംഭാവനകളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏതു ശാഖയിലൂടെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക്(A/c No. 67319948 232, IFSC code:SBIN0070028, Swift code: SBININBBT08 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സിറ്റി ബ്രാഞ്ച്, തിരുവനന്തപുരം) നൽകാം. കൂടുതൽ വിവരങ്ങൾക്ക് ഇമെയിൽ: cmdrf. cell@gmail.com ഫോൺ: 0471 2518310, 2518684, 8330091573.

കേന്ദ്ര സർക്കാരിന്റെ യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് അധിഷ്ഠിതമായി സംഭാവന ചെയ്യാനുള്ള സംവിധാനം സർക്കാരിന്റെ www.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇത്തരത്തിലുള്ള സംഭാവനകൾക്കുള്ള രസീതും ആദായനികുതി ഇളവിന് ആവശ്യമായ സർട്ടിഫിക്കറ്റും തത്സമയം നൽകും.

ബാങ്ക് അക്കൗണ്ടുകളിൽ നൽകുന്ന തുകയ്ക്ക് ഒരു ദിവസത്തിനകം ആദായനികുതി ഇളവിനാവശ്യമായ സർട്ടിഫിക്കറ്റ് ലഭ്യമാക്കും. എന്തെങ്കിലും സഹായമാവശ്യമുണ്ടെങ്കിൽ 155300 എന്ന നമ്പറിൽ ബന്ധപ്പെടാം.